# 'ദൈവത്തിന്റെ ചട്ടങ്ങളെ ആരാഞ്ഞറിയുക'

## സങ്കീർത്തനങ്ങൾ 119:64

"യഹോവേ, ഭൂമി നിന്റെ ദയകൊണ്ടു നിറെഞ്ഞിരിക്കുന്നു; നിന്റെ ചട്ടങ്ങളെ എനിക്കു ഉപദേശിച്ചുതരേണമേ."

മേൽക്കണ്ട വാക്യം ഇംഗ്ലീഷ് പരിഭാഷയിൽ ഇപ്രകാരമാണ് വായിക്കുന്നത്, "The earth is filled with Your love, Lord; teach me your decrees" ഇവിടെ സങ്കീർത്തകൻ പറയുന്നത് ഈ ഭൂമി ദൈവത്തിന്റെ സ്നേഹം കൊണ്ട് നിറെഞ്ഞിരിക്കുന്നു എന്നാണ്. നമുക്ക് ചുറ്റും നോക്കിക്കഴിഞ്ഞാൽ തന്നെ അത് മനസ്സിലാകും, ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് അതിനെ പരിപാലിക്കുന്നവനായ ദൈവത്തിന്റെ സ്നേഹം. ആ സ്നേഹം പങ്കിടുവാൻ തക്കവണ്ണം അവൻ മനുഷ്യനെ സൃഷ്ടിച്ചാക്കി സകലത്തിന്മേലും വാണരുളുവാൻ അധികാരവും കൊടുത്തു. എന്നാൽ മനുഷ്യനോ ആ സ്നേഹത്തിൽ നിന്നു വഴുതിപ്പോയി. എന്നാൽ അവിടെയും ദൈവത്തിന്റെ അളവില്ലാത്ത നിത്യമായ സ്നേഹം അനുഭവിക്കുവാൻ ദൈവം അനുവദിച്ചു. അതിൻഫലമായി അവനെ ഭൂമിയിൽ ആക്കിവെച്ച ദൈവം അവന്റെ വരും തലമുറയുടെ പാപപരിഹാരത്തിനായി എന്നെന്നേക്കുമുള്ള ഒരു പോക്കുവഴിയും കണ്ടെത്തി. അതാണ് റോമർ 5:8 ൽ പറയുന്നത്, "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു."

ആ ബോധ്യത്തിൽ നിന്നു കൊണ്ടാണ് സങ്കീർത്തകൻ പറയുന്നത്, ഭൂമി നിന്റെ സ്നേഹം കൊണ്ടു നിറെഞ്ഞിരിക്കുന്നു; നിന്റെ ചട്ടങ്ങളെ എനിക്കു ഉപദേശിച്ചുതരേണമേ എന്ന്. ദൈവത്തിന്റെ ചട്ടങ്ങളെ ആരാഞ്ഞറിയുന്നതും അതിൻപ്രകാരം ജീവിതത്തെ ക്രമീകരിക്കുന്നതും ആയിരിക്കണം ഒരു ദൈവപൈതലിന്റെ ജീവിതത്തിലെ ആത്യന്തികമായ ഉദ്ദേശ്യം എന്നു പറയുന്നത്. ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. അതും ഈ ഭൂമിയുടെ പരപ്പിൽ നാം ഇന്നു ഈ ദൈവത്തിന്റെ അളവില്ലാ സ്നേഹം അനുഭവിക്കുന്നതുകൊണ്ടു മാത്രം, അത് നാം എത്ര അവനെ വേദനിപ്പിച്ചാലും പെറ്റതള്ള കുഞ്ഞിനെ സ്നേഹിക്കുന്നതിലും അധികമായി നമ്മെ സ്നേഹിക്കുന്ന സ്നേഹമാണ്.

പ്രിയരേ ഈ സ്നേഹം നാം ഇനിയും എങ്ങനെ കണ്ടില്ല എന്നു നടിക്കും. നാം പാടുന്നുണ്ടല്ലോ "ഇത്രമാം സ്നേഹത്തെ എത്രനാൾ തള്ളി ഞാൻ, ഈ മഹാ പാപത്തെ ദൈവമേ ഓർക്കല്ലേ." ഈ ദൈവ സ്നേഹത്തെ കണ്ടില്ല എന്നു നടിക്കുന്നത് ഏറ്റവും വലിയ പാപമാണ്. ഈ ലോകത്തിലെ തന്റെ സൃഷ്ടികളിൽ മേന്മയേറിയ സൃഷ്ടിയായ മനുഷ്യനെ നാശത്തിലേക്ക് പോകുവാൻ ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. അതിന്നു വേണ്ടിയാണ് സ്വന്തപുത്രനെ ആദരിയാതെ അവൻ നമുക്ക് വേണ്ടി യാഗമായി ഏൽപ്പിച്ചു തന്നത്. എങ്കിൽ പിന്നെ ഈ സ്നേഹത്തിൽ നിന്നു നമ്മെ ആർക്കു വേർപിരിപ്പാൻ കഴിയും. നമ്മുടെ ജീവിതത്തിലെ ഒന്നിനും അതിനു സാധ്യമല്ല എന്നു പൗലോസ് റോമാ ലേഖനത്തിൽ വളരെ വ്യക്തമായി പറയുന്നുണ്ട് (റോമർ 8:32–38). അങ്ങിനെയെങ്കിൽ ഇന്നു മുതലുള്ള നമ്മുടെ ജീവിതത്തിലെ പ്രാർത്ഥന ഇതായിരിക്കണം, "ദൈവമേ നിന്റെ ചട്ടങ്ങളെ എനിക്കു ഉപദേശിച്ചുതരേണമേ." ദൈവത്തിന്റെ ചട്ടങ്ങളെ തിരിച്ചറിയുവാനും അതിൻപ്രകാരം നമ്മുടെ ജീവിതങ്ങളെ ക്രമീകരിക്കുവാനും ജീവനുള്ള പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**

വിലാപങ്ങൾ 3:22

നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നുപോയിട്ടില്ലല്ലോ.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 116**